## കേരള ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ

## അഡീഷണൽ ഡറക്ടറുടെ (FW) നടപടിക്രമങ്ങൾ

വിഷയം:- ആ.വ.ഡ – 09.10.2012 മുതൽ 31.07.2018 വരെയുള്ള കാലയളവിലെ പബ്ലിക് ഹെൽത്ത് നഴ്സ് - ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തിയും ജനനതീയതിയിലെ തെറ്റ് തിരുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

സൂചന :- 1. ഉത്തരവ് നമ്പർ. ഇ. എസ് 5-88518/17/ആ.വ.ഡ, തീയതി. 19.06.2020

2 പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറുടെ എ4-7317/2022 തീയതി. 02.06.2022 നമ്പർ കത്ത്

3. പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറുടെ എ4-7261/22/ജി.മെ.ഒ(ആ), തീയതി. 13.06.2022 നം കത്ത്

4. 20.07.2022 തീയതിയിലെ ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ നോട്ടീസ്

**ഉത്തരവ് നം. ഇ.എസ്5- 88518/2017/ആ.വ.ഡ/തീയതി : 15 /08/2022**

ആരോഗ്യ വകുപ്പിൽ 09.10.2012 മുതൽ 31.07.2018 വരെയുള്ള കാലയളവിലെ പബ്ലിക് ഹെൽത്ത് നഴ്സ് (പി. എച്ച്. എൻ.) ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക മേൽ സൂചന 1 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും സീനിയോറിറ്റി പട്ടികയിലെ ജനനതീയതിയിലെ തെറ്റ് തിരുത്തുന്നതിനുമായി ശ്രീമതി. റോജ.കെ, ശ്രീമതി.ഇന്ദിര ചെമ്പിലേത്ത് എന്നിവർ പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തിരം അപേക്ഷ സമർപ്പിച്ചിരുന്നു.

ടി ജീവനക്കാരുടെ അപേക്ഷകളും, അനുബന്ധ രേഖകളും വിശദമായി പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. റോജ.കെ യെ മേൽ സൂചന 1 പി. എച്ച്. എൻ സീനിയോറിറ്റി പട്ടികയിൽ 214 A എന്ന സ്ഥാനം നൽകി താൽക്കാലികമായി ഉൾപ്പെടുത്താനും, ശ്രീമതി.ഇന്ദിര ചെമ്പിലേത്ത് ന്റെ ജനനതീയതിയിലെ തെറ്റ് തിരുത്തി നൽകാനും തീരുമാനിച്ച് മേൽ സൂചന 4 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.

ഈ നോട്ടീസ് പ്രകാരം ശ്രീമതി. റോജ.കെ. യ്ക്ക് സീനിയോറിറ്റി നിശ്ചയിച്ച് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപങ്ങളോ പരാതിയോ ഉണ്ടെങ്കിൽ സമർപ്പിക്കാൻ മതിയായ സാവകാശവും നൽകിയിരുന്നു. എന്നാൽ യാതൊരു ആക്ഷേപങ്ങളോ പരാതികളോ ഈ നോട്ടീസിന്മേൽ ഈ ഓഫീസിൽ നാളിതുവരെ ലഭിച്ചിട്ടില്ല.

ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. റോജ.കെ, പബ്ലിക് ഹെൽത്ത് നഴ്സിന് മേൽ സൂചന 1 പ്രകാരമുള്ള പബ്ലിക് ഹെൽത്ത് നഴ്സ് സീനിയോറിറ്റി പട്ടികയിൽ **214 A** എന്ന സ്ഥാനം അനുവദിച്ചു നൽകിയും ശ്രീമതി.ഇന്ദിര ചെമ്പിലേത്ത് ന്റെ ജനനതീയതിയിലെ തെറ്റ് തിരുത്തി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

വിശദമായ പട്ടിക അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഒപ്പ്/-

**ഡോ. പ്രീത. പി. പി**

ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (FW)

സ്വീകർത്താവ്

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)
2. വ്യക്തികൾക്ക്
3. സൂപ്രണ്ട്, FWA സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ

//ഉത്തരവിൻപ്രകാരം//

സീനിയർ സൂപ്രണ്ട്

## അനുബന്ധം A

09.10.2012 മുതൽ 31.07.2018 വരെയുള്ള കാലയളവിലെ PHN (LHI)മാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തിയും, ജനനതീയതി തിരുത്തിയും പ്രസിദ്ധീകരിക്കുന്ന പട്ടിക.(Order No. ES5/88518/17/DHS, Dated: 19.06.2020)

| Sl. No. | Name | PEN No | Date of Birth | Qualification | Promotion order No. Date | Rank No. in JPHN Gr. I | 09.10.2012-31.07.2018 | | | Remarks |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | Existing rank No in PHN Seniority list | New rank No. in PHN Seniority list | Date of assigning seniority | |
| 1 | Roja K | | 15.05.1967 | SSLC/ ANM | FWA5-12338/2014/ DHS dtd 23.07.2014 | 3169 | -- | 214 A | 23.07.2014 | included in the seniority list |
| 2 | Indira Chembileth | 314662 | 09.11.1966 | SSLC/ ANM | FWA5-85292/2016/ DHS, Dtd: 26.06.2018 | 3555 | 519 | -- | 26/06/2018 | Date of Birth correction |

ഒപ്പ്/-

ഡോ. പ്രീത. പി. പി

ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (FW)

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്